LIBRARY ARCHIVES Kerala Legislative Assembly

**സ്വകാര്യവനങ്ങളിൽനിന്നും സർക്കാരിനു കിട്ടുന്ന വരുമാനം**

**111 (2561)** ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യവനങ്ങൾ ഏറ്റെടുത്തപ്പോൾ വർക്കിംഗ് പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനം നടത്തിയിരുന്ന എത്ര ഹെക്ടർ വനങ്ങളെ ഒഴിവാക്കിയിരുന്നു ;

(ബി) ഇപ്രകാരം വർക്കിംഗ് പ്ലാൻ പ്രവർത്തനങ്ങൾ നടത്തിയിരുന്ന സ്വകാര്യവനങ്ങളിലെ പ്രവർത്തനങ്ങൾ അവസാനിക്കുകയും അവിടെനിന്ന് ആദായം ലഭിക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം സ്ഥലങ്ങളിൽനിന്ന് ഗവൺമെന്റിന് ഏതെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വെസ്റ്റിങ് ആന്റ് അസൈൻമെന്റ് ആക്ട് പ്രകാരം സ്വകാര്യവനങ്ങൾ ഏറ്റെടുത്തപ്പോൾ വർക്കിംഗ് പ്ലാൻ അനുസരിച്ച് പ്രവർത്തനം നടത്തിയിരുന്ന സ്വകാര്യവനങ്ങളെ ഒഴിവാക്കാൻ നിർദ്ദേശിക്കാതിരുന്നതിനാൽ ഇത്തരം വനങ്ങളെ നിക്ഷിപ്തമാക്കലിൽ നിന്നും ഒഴിവാക്കിയിരുന്നില്ല.

(ബി) സ്വകാര്യവനങ്ങളുടെ വർക്കിംഗ് പ്ലാൻ ഏറ്റെടുത്ത നിക്ഷിപ്ത വനങ്ങൾക്കു ബാധകമല്ല. നിക്ഷിപ്തമാക്കപ്പെട്ട സ്വകാര്യവനത്തിന് റിസർവ് (സംരക്ഷിത) വനത്തിന്റെ പദവിയാണുള്ളത്. ഇത്തരം നിക്ഷിപ്തവനങ്ങളിൽനിന്ന് ആദായം ലഭിക്കുന്നുണ്ട്.

(സി) ഉണ്ട്.

**250 വർഷത്തിൽപ്പരം പ്രായമുള്ള വനവൃക്ഷങ്ങൾ**

**112 (2562)** ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. പി. ഗംഗാധരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ എവിടെയെല്ലാം 250 വർഷത്തിൽപ്പരം പ്രായമുള്ള തേക്ക്, ഈട്ടി മുതലായ മെച്ചപ്പെട്ട ഇനങ്ങളിൽപ്പെടുന്ന വൃക്ഷങ്ങളുണ്ട് ;

(ബി) ഇത്തരം വൃക്ഷങ്ങൾ നഷ്ടപ്പെടാതെ പരിരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(സി) ഇത്തരത്തിൽപ്പെടുന്ന എത്ര വൃക്ഷങ്ങൾ സംസ്ഥാനത്തെ വനങ്ങളിലുള്ളതായി കണക്കാക്കപ്പെടുന്നു ?

ഉത്തരം

(എ) കൊല്ലം സർക്കിളിന്റെ കീഴിൽ റാന്നി ഡിവിഷനിൽ ഗൂഡ്രിക്കൽ റെയിഞ്ചിൽപ്പെട്ട തേവർമല, ചിന്നക്കയം എന്നിവിടങ്ങളിലും വടശ്ശേരിക്കര റെയിഞ്ചിലെ രണ്ടാറ്റുമുഴി, ചെളിയ്ക്കൽ എന്നീ ഭാഗങ്ങളിലും കോട്ടയം സർക്കിളിൽപ്പെട്ട റാന്നി, നഗരംപാറ, തൊടുപുഴ, കുറുന്നിക്കര എന്നീ റിസർവുകളിലും കാർഡമം ഹിൽ റിസർവ് ഭാഗങ്ങളിലും തൃശ്ശൂർ സർക്കിളിൽ മലയാറ്റൂർ ഡിവിഷനിലെ ഇടമലയാർ, പൊങ്ങൻചുവട്, പൂയംകുട്ടി, വാതക്കര, മാനക്കയം, നാരങ്ങാത്തറ, പെരുമുഴി, വാരിയം, ആനക്കുളം തുടങ്ങിയ സ്ഥലങ്ങളിലും വന്യജീവിസങ്കേതങ്ങളായ പറമ്പിക്കുളം, തേക്കടി, സൈലന്റ് വാലി എന്നീ സ്ഥലങ്ങളിലും 250 വർഷത്തിൽപ്പരം പ്രായമുള്ള തേക്ക്, ഈട്ടി, വെള്ളകിൽ തുടങ്ങിയ മെച്ചപ്പെട്ട ഇനങ്ങളിൽപ്പെടുന്ന വൃക്ഷങ്ങൾ ഉണ്ട്.

(ബി) റിസർവ് വനപ്രദേശത്തെ പരിരക്ഷിക്കുന്ന പദ്ധതികളിലൂടെയും ഔട്ട്പോസ്റ്റുകൾ സ്ഥാപിച്ചും നിരന്തരം റോന്തുചുറ്റൽ നടത്തിയും സംരക്ഷണവും പരിരക്ഷയും നല്കുന്നുണ്ട്. ഇത്തരം മരങ്ങൾക്കുവേണ്ടി മാത്രം പ്രത്യേക പദ്ധതികളൊന്നും ഇല്ല.

(സി) മലയാറ്റൂർ ഡിവിഷനിൽ ഇത്തരം മരങ്ങളുടെ കണക്കെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. മറ്റു സ്ഥലങ്ങളിൽ മരങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന അവസരങ്ങളിൽ റിസർവ് വനങ്ങളിൽ സാമ്പിൾ എന്യൂമറേഷൻ മാത്രമേ നടത്താറുള്ളൂ. മരങ്ങളുടെ കൃത്യമായ എണ്ണം എടുക്കാറില്ല.

**കാട്ടാനശല്യം തടയുന്നതിന് നടപടി**

**113 (2563)** ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ആലംപാടി പഞ്ചായത്തിൽ ചാങ്ങ്ലി, പാരതൊപ്പി പ്രദേശങ്ങളിൽ കാട്ടാനശല്യംമൂലം കൃഷി സ്ഥലങ്ങൾ നശിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നാശനഷ്ടങ്ങൾക്ക് തുല്യമായ ധനസഹായം നല്കുന്നതിനും കാട്ടാനശല്യം തടയുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly